# KOLLAMCITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated :04/ 08/ 2018

## ഓണക്കാലത്തെ ഗതാഗത നിയന്ത്രണം

ഓണത്തോടനുബന്ധിച്ച് കൊല്ലം നഗരത്തിലുണ്ടാകുന്ന ഗതാഗത കുരുക്ക്, അനധികൃത പാർക്കിംഗ് എന്നിവ ഒഴിവാക്കുക പാർക്കിംഗിനായി നിശ്ചയിച്ചിട്ടുള്ള സ്ഥലങ്ങളിൽ മാത്രം വാഹനങ്ങൾ പാർക്ക് ചെയ്യുക, സുഗമമായ വാഹന ഗതാഗതം ഉറപ്പുവരുത്തുക എന്നീ വിഷയങ്ങളെപ്പറ്റി കൊല്ലം സിറ്റി ജില്ലാ പോലീസ് മേധാവിയുടെ നിർദ്ദേശാനുസരണം ബഹു. കൊല്ലം എസിപി പ്രദീപ് കുമാറിന്റെ അധ്യക്ഷതയിൽ കൺട്രോൾ റൂം സിഐ ശ്രീ ഷെരീഫ് , കൊല്ലം ഈസ്റ്റ് എസ് എച്ച് ഒ മഞ്ചുലാൽ, ട്രാഫിക് എസ്ഐ അനൂപ്, കെ എസ് ആർ ടി സി, പ്രൈവറ്റ് ബസ് ഓപ്പറേറ്റേഴ്സ്, വൻകിട/ചെറുകിട കച്ചവട പ്രതിനിധികൾ വ്യാപാരി വ്യവസായി ഏകോപന സമിതി, മർച്ചന്റ് അസോസിയോഷൻ, ആട്ടോറിക്ഷാ തൊഴിലാളി യൂണിയൻ എന്നിവരുടെ പ്രതിനിധികളുടെ ഒരു യോഗം 04.08.2018 വെകിട്ട് 5 മണിക്ക് കൊല്ലം പോലീസ് ക്ലബ്ബിൽ ചേർന്ന് വിവിധ ഗതാഗത പ്രശ്നങ്ങളെപ്പറ്റി ചർച്ച നടത്തുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കർശനമായി നടപ്പിലാക്കുവാൻ ഐക്യകണ്ഠേന തീരുമാനിക്കുകയും ചെയ്തു.

1. വ്യാപാരികളുടേയും ഉപഭോക്താക്കളുടേയും ഉൾപ്പെടെയുള്ള എല്ലാ വാഹനങ്ങളും പർക്കിംഗിനായി നിശ്ചയിച്ചിട്ടുള്ള സ്ഥലങ്ങളിൽ മാത്രം പാർക്കുചെയ്യേണ്ടതാണ്.
2. കച്ചവട സാധനങ്ങൾ സ്ഥാപനങ്ങളുടെ മുന്നിലേക്കുള്ള ഫുഡ്പാത്തിലേക്കോ റോഡിലേക്കോ ഇറക്കി വയ്ക്കുവാൻ പാടുള്ളതല്ല.
3. മെയിൻ റോഡ്, ആർ കെ ജംഗ്ഷൻ – സെന്റ് ജോസഫ് റോഡ്, ചിന്നക്കട – ആർ കെജംഗ്ഷൻ എന്നീ റോഡുകളിലെ വൺവേ വയലേഷൻ കർശനമായി നിരോധിക്കുന്നതാണ്.
4. ചാമക്കട – പായിക്കട റോഡുകളിലെ ലോഡിംഗ്/ അൺലോഡിംഗ് വേഗത്തിൽ നടത്തേണ്ടതാണ്.
5. സെന്റ് ജോസഫ് ജംഗ്ഷൻ, കടപ്പാക്കട എന്നിവിടങ്ങളിലെ പ്രൈവറ്റ് ബസുകളുടെ യൂ ടേൺ പൂർണ്ണമായും നിരോധിക്കുന്നതാണ്.

6. എസ് എം പി റെയിൽവെ ഗേറ്റ് വഴിയുള്ള പ്രൈവറ്റ് ബസ് ഗതാഗതം നിയന്ത്രിക്കുന്നതാണ്.
7. എ ആർ ക്യാമ്പ് ജംഗ്ഷനിൽ പ്രൈവറ്റ് ബസുകളുടെ യൂ ടേൺ നിരോധിക്കും.
8. ബസ് ബേ, ആർ പി മാൾ, ജോയ് ആലുക്കാസ് എന്നിവിടങ്ങളിലെ ആട്ടോ റിക്ഷകളുടെ അനധികൃത സ്റ്റാന്റുകൾ നിരോധിക്കും
9. ആർ കെ – സെന്റ് ജോസഫ് ജംഗ്ഷൻ, എസ് എൻ വുമൺസ്, കർബല എന്നിവിടങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് കോർപ്പറേഷൻ അധികാരികൾക്ക് റിപ്പോർട്ട് നൽകും.
10. ഗതാഗതകുരുക്ക് ഒഴിവാക്കുന്നതിനും മറ്റും 18.08.2018 മുതൽ കൂടുതൽ പോലീസിനെ കൊല്ലം നഗരപരിധിയിൽ നിയോഗിക്കും
11. പള്ളിമുക്ക് ജംഗ്ഷനിൽ ഓഡിറ്റോറിയങ്ങൾക്ക് മുമ്പിലുള്ള റോഡിൽ വാഹനപാർക്കിംഗ് കർശനമായി നിരോധിക്കും.

മേൽ വിവരിച്ച തീരുമാനങ്ങൾ ലംഘിക്കുന്നവർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുന്നതാണ്.

മേൽ തീരുമാനങ്ങളുടെ ഒരു പോലീസ് അനൗൺസ്മെന്റ് കൊല്ലംനഗരത്തിൽ സംഘടിപ്പിക്കുമെന്ന് കൊല്ലം സിറ്റി പോലീസ് മേധാവി ഡോ. അരുൾ ആർ. ബി. കൃഷ്ണ ഐപിഎസ് അറിയിച്ചു.